# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2328 | 07.02.2019 - ൽ മറുപടിക്ക് |
|---|---|

### ജി.എസ്.ടി. സെസ് മൂലം വിലവർദ്ധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | നിയമാനുസൃതം കൃത്യമായി നിഷ്കർഷിച്ചിട്ടുള്ള ജി.എസ്.ടി.യുടെ മറവിലും സംസ്ഥാനത്ത് അമിത വില ഈടാക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി.ക്കുമേൽ സെസ് കൂടി ഏർപ്പെടുത്തുന്നത് വിപണിയിൽ കടുത്ത വിലവർദ്ധനവിന് കാരണമാകുമോ; | (എ) | 5% സ്ലാബിൽ വരുന്ന നിത്യോപയോഗ വസ്തുക്കൾക്ക് സെസ്സ് ഒഴിവാക്കിയിട്ടുണ്ട്. 1.5 കോടി രൂപ വരെ വിറ്റുവരവുള്ള കോമ്പോസിഷൻ വ്യാപാരികളെയും ഒഴിവാക്കിയിട്ടുണ്ട്. വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന തീയതി മുതലാണ് സെസ്സ് പ്രാബല്യത്തിൽ വരുന്നത്. സെസ് ഏർപ്പെടുത്തിയാൽ കടുത്ത വിലവർദ്ധനവ് വരും എന്ന് സർക്കാർ കരുതുന്നില്ല. |
| (ബി) | സെസ് ഏർപ്പെടുത്തുന്നതിലൂടെ രണ്ട് വർഷം കൊണ്ട് എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്; | (ബി) | സെസ് ഏർപ്പെടുത്തുന്നതിലൂടെ രണ്ട് വർഷം കൊണ്ട് 1200 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | സെസിന് പകരം നികുതി വർദ്ധിപ്പിക്കാൻ കേരളം ആവശ്യപ്പെടാത്തതിന്റെ സാഹചര്യമെന്ത്; | (സി) | ഒരു പ്രത്യേക ആവശ്യത്തിനുള്ള ഹ്രസ്വകാല ധനസമാഹരണം ആയതിനാലാണ് നികുതി വർദ്ധിപ്പിക്കാൻ കേരളം ആവശ്യപ്പെടാതിരുന്നത്. |
| (ഡി) | എല്ലാ സ്ലാബിലും സെസ് ബാധകമാകുമോ; എങ്കിൽ ഇപ്പോൾ ഏർപ്പെടുത്തുന്ന സെസ് നികുതി വെട്ടിപ്പിനു വഴിയൊരുക്കുമോ; എങ്കിൽ അതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | താഴെ പറയുന്ന സ്ലാബിലുള്ള ചരക്കുകൾക്കും സേവനങ്ങൾക്കുമാണ് സെസ്സ് ബാധകമായിരിക്കുന്നത്.<br><br>1. കോമ്പോസിഷൻ നികുതി സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ചെറുകിട വ്യാപാരികളെ സെസ് ചുമത്തുന്നതിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>2. അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും, ജി.എസ്.ടി. നികുതി നിരക്ക് 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നീ പട്ടികയിൽ വരുന്ന ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന്, വിതരണ വിലയിന്മേൽ ഒരു ശതമാനം സെസ് ചുമത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**